"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ സേവനത്തിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കരാർ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1359/2026/LSGD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-
1. 10/11/2022 ലെ സ.ഉ(കൈ) നം.250/2022-LSGD നമ്പർ സർക്കാർ ഉത്തരവ്.
2. 26/06/2025 ലെ സ.ഉ.(സാധാ) 1603/2025-LSGD നമ്പർ സർക്കാർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.03.2026 ലെ LSGD/PD/36660/2024-DEF6 നം കത്ത്.

**ഉത്തരവ്**

കേരളത്തിലെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 താൽക്കാലിക തസ്തിക അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത തസ്തികയിൽ നിലവിൽ സേവനത്തിലുള്ള ജീവനക്കാരുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളുകളുടെ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ കരാർ അവസാനിക്കുന്ന മുറയ്ക്ക് മതിയായ ഇടവേള നൽകി നിലവിലെ സേവനകാലാവധി പരാമർശം (2) പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. മേൽ കരാർ കാലാവധി ദീർഘിപ്പിക്കാവുന്നതാണ് എന്ന് പരാമർശം (3) പ്രകാരം പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മഴക്കാല രോഗ പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം അനിവാര്യമായതിനാൽ, പരാമർശം (1) പ്രകാരം സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന താത്ക്കാലിക ജീവനക്കാരുടെ കരാർ കാലാവധി 30/09/2026 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.കെ അനിൽ ജോയ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ , ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 28-07-2026
09:30:44

സെക്ഷൻ ഓഫീസർ.